# നരകത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ



Giving Light to Our World

## നരകം എന്നാൽ എന്ത്?

തിരക്കേറിയ നിരത്തിലോ സിനിമയിലെ ചൂടേറിയ രംഗങ്ങളിലോ ഒക്കെയുള്ള വാക്കായി മാത്രം ചിലർ നരകത്തെ കാണുന്നു. ചെറുപ്പകാലത്ത് പള്ളികളിൽ നിന്നോ മതപഠന ക്ലാസ്സുകളിൽ നിന്നോ വഴിയോര പ്രസംഗകരിൽ നിന്നോ ഒക്കെ കേട്ടതും മനുഷ്യരെ വറുത്ത് കരിക്കത്തക്കവിധം ചുട്ടുപഴുത്തു കിടക്കുന്നതുമായ സങ്കല്പ താഴ്വരയാണ് ചിലർക്ക് നരകമെന്നത്. മനുഷ്യർ ഏതു കൂട്ടത്തിൽപ്പെട്ടവരാണെങ്കിലും നരകമെന്ന ഈ സങ്കല്പം മനസ്സിൽ ഇല്ലാതെയിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു. ഈ ഭയാനക സങ്കല്പത്തിൽ നിന്നും മനസ്സുകളെ വ്യതിചലിപ്പിക്കേണ്ടതിന് ചിലർ ഇത് വിശ്വസിക്കാതിരിക്കുകയും നരകത്തെ സൃഷ്ടിച്ച ദൈവത്തെ അവിശ്വസിക്കുകയും ചെയ്യുന്നു.

എന്നാൽ നരകം എന്ന ഈ ഭയാനക സങ്കല്പത്തെക്കുറിച്ച് നാം എന്താണ് ചിന്തിക്കുന്നത്? ഇതിനേയും ദൈവത്തെയും ഒരുമിച്ച് നമ്മൾ ഉപേക്ഷിച്ചുകളയുകയാണോ? ദൈവം ആരെന്നുള്ളതിനേയും നരകത്തെയും നാം മറന്നുകളയു

ന്നുണ്ടോ? ചെറുപ്പത്തിൽ നമ്മോടിതു പറഞ്ഞ വർക്ക് തെറ്റു പറ്റിയതാണെന്നു ചിന്തിച്ചുകൊണ്ട് ഇതിനെതിരെ മറ്റെന്തെങ്കിലും നമ്മൾ പ്രത്യാശി ക്കുകയാണോ? നരകത്തെ സംബന്ധിച്ച് ബൈബിൾ എന്താണു പറയുന്നതെന്ന് ഈ ലഘു ലേഖയിൽ നമുക്കു പഠിക്കാം. അതു നിമിത്തം ഈ ഭയാനകസ്ഥലത്തെപ്പറ്റിയുള്ള ഐതിഹ്യങ്ങ ളിൽ നിന്ന് സത്യം നമ്മെ സ്വതന്ത്രരാക്കും.

നരകം എപ്പോൾ ആരംഭിക്കുമെന്നും അത് എവിടെ ആയിരിക്കുമെന്നും ബൈബിൾ പഠിപ്പി ക്കുന്നു. "അങ്ങനെതന്നെ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽ നിന്ന് ദുഷ്ടന്മാരെ വേർതിരിച്ച് തീച്ചൂള യിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുക ടിയും ഉണ്ടാകും "(മത്താ. 13:49) ഇതനുസരിച്ച് എരിയുന്ന നരകം ലോകാന്ത്യം വരെ ഉണ്ടാകുന്നി ല്ല. അതു ശരിതന്നെയാണ്. നിങ്ങളുടെ മരിച്ചു പോയ സ്നേഹഭാജനങ്ങൾ ഇപ്പോൾ തീയിൽ എരി ഞ്ഞുകൊണ്ടിരിക്കുന്നില്ല.

നരകം എവിടെ ആയിരിക്കുമെന്ന് ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക. ലോകാ

ന്ത്യത്തെ കുറിച്ച് നാം ഇപ്രകാരം വായിക്കുന്നു; "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും" (2 പത്രൊസ് 3:10) "സർവ്വ ഭൂമിയും ദൈവത്തിന്റെ തീഷ്ണതാഗ്നിക്ക് ഇരയായി തീരും; സകല ഭൂവാസികൾക്കും അവൻ ശീഘ്രസംഹാരം വരുത്തും" (സെഫ. 1:18). അതായത് ഭൂമിയിലെവിടെയോ ഇപ്പോൾ കത്തി ജ്വലിച്ചുകൊണ്ടിരിക്കുന്നതും മരിച്ചുപോയവർ കിടന്നു പൊരിയുന്നതുമായ ഒരു സ്ഥലമല്ല നരകം. പകരം ഈ ഭൂമിയിൽ തന്നെയുള്ളതും ലോകാന്ത്യത്തിൽ ഭൂമിയും അതിലുള്ള സകലവും കത്തി എരിയുന്നതുമാണ് നരകം. നരകത്തെക്കുറിച്ചുള്ള അതി പ്രധാനവസ്തുത നാം മനസ്സിലാക്കുന്നത് യോഹന്നാൻ മൂന്നാം അദ്ധ്യായം പതിനാറാം വാക്യത്തിൽ നിന്നാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു ". യഥാർത്ഥ

വിശ്വാസികളാണ് നിത്യജീവൻ പ്രാപിക്കുന്നത് എന്നി വിടെ യേശു വ്യക്തമാക്കുന്നു. അതു ദുഷ്ടന്മാരല്ല എന്തു. ദുഷ്ടന്മാർ നിത്യമായ നരകാഗ്നിയിൽ വെന്ത രിയുന്നില്ലെ? ശരിയാണ്!

യാതൊന്നും ശേഷിക്കാതെ ദുഷ്ടന്മാർ വെന്തെരിഞ്ഞു പോകുന്നു. ''ചൂള പോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹ ങ്കാരികൾ ഒക്കെയും സകല ദുഷ്ടപ്രവൃത്തി ക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹി പ്പിച്ചു കളയും " (മലാഖി 4:1). തുടർന്നു നാം വായി ച്ചാൽ ഇത് ദുഷ്ടന്മാരുടെ പരിപൂർണ്ണ നാശത്തെ ക്കുറിച്ച് പറയുന്നു എന്നത് നമുക്ക് ഗ്രഹിക്കാം. " ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ ദുഷ്ട ന്മാർ നിങ്ങളുടെ കാലിൻ കീഴിൽ വെണ്ണീർ ആയി രിക്ക കൊണ്ടു നിങ്ങൾ അവരെ ചവിട്ടികളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു" (മലാഖി 4:3). ദുഷ്ടന്മാർ മാത്രമല്ല, സാത്താനും അവനോടു കൂടെയുള്ള സകല ദുഷ്ട ദൂതന്മാരും കത്തിയെരിഞ്ഞു പോകുന്നതാ ണ് (മത്തായി 25:41, വെളിപ്പാട് 20:1). സാധാരണ

യുള്ള വിശ്വാസം പോലെ അന്ധകാര ശക്തികളായ സാത്താനെയും അവന്റെ ദുഷ്ട ദൂതന്മാരെയും നരകത്തിന്റെ ചുമതലക്കാരായി വിടാതെ സകല ദുഷ്ടരെയും ഒരുമിച്ചു ദൈവം നശിപ്പിക്കുന്നു!

ദുഷ്ടന്മാർ നിത്യമായി കത്തിയെരിഞ്ഞു കൊണ്ടുതന്നെയിരിക്കുന്നുമെന്നു ബൈബിൾ പറയുന്നതായി ചിലർ വാദിക്കുന്നുണ്ട്. അവർ വെളിപ്പാട് 14:11, 20:10 തുടങ്ങിയ വാക്യങ്ങൾ അങ്ങനെ പറയുന്നതായി അവകാശപ്പെടുന്നു. അങ്ങനെയാണെങ്കിൽ ശമൂവേൽ പ്രവാചകൻ യഹോവയുടെ ആലയത്തിൽ നിത്യമായി വസിക്കും എന്നും ബൈബിൾ പറയുന്നുണ്ടല്ലോ. അതുപോലെ ഭൂമി തന്റെ ഓടാമ്പലുകളാൽ തന്നെ സദാകാത്തേക്കും അടച്ചിരുന്നു എന്നു മത്സ്യത്തിന്റെ വയറ്റിൽ കിടന്നതിനെപ്പറ്റി യോന പറയുന്നു. പക്ഷെ ഈ സംഭവങ്ങളൊന്നും നിത്യമായവ ആയിരുന്നില്ല എന്ന് തിരുവെഴുത്തിൽ വ്യക്തമാണ്. ബൈബിളിൽ "നിത്യമായ" എന്ന വാക്ക് അർത്ഥമാക്കുന്നത് അതിൽ പരാമർശിക്കപ്പെടുന്ന വ്യക്തിയുടെയോ പരിതസ്ഥിതിയുടെയോ ഒക്കെയുള്ള നിശ്ചയമല്ലാത്ത കാലഘട്ടത്തെ സൂചിപ്പിക്കുവാനാണ്. ഇതി

നോടു ബന്ധമുള്ള ഒരു ഉദാഹരണം ഇന്ന് ഈ ഭൂമിയിൽ കാണുന്നത് ഒരു പുരുഷനും സ്ത്രീയും തങ്ങളുടെ "നിത്യമായ" വിവാഹ പ്രതിജ്ഞ ചെയ്യുന്നതാണ്. അതിന്റെ അർത്ഥം "നിത്യത" എന്നത് "അവരുടെ ജീവിതകാലം മാത്രം" എന്നുള്ളതാണ്. അപ്പോൾ "നിത്യമായി" കത്തിക്കൊണ്ടിരിക്കുന്ന നരകം എത്ര നാളത്തേക്കുള്ളതാണ് എന്ന് നാം എങ്ങനെ മനസ്സിലാക്കുന്നു? വളരെ ലളിതം: തിരുവെഴുത്തിലെ മറ്റു വാക്യങ്ങൾ അർത്ഥമാക്കുന്ന പ്രകാരം "നിത്യമായ" എന്നത് ദുഷ്ടന്മാർ കത്തിയെരിഞ്ഞ് അവസാനിക്കുന്നതുവരെ മാത്രം.

ഈ ബൈബിൾ പഠനത്തിന്റെ വെളിച്ചത്തിൽ നിങ്ങൾ ഇങ്ങനെ ചോദിച്ചേക്കാം: "നരകത്തെ സംബന്ധിക്കുന്ന ഐതീഹ്യങ്ങൾക്ക് അടിസ്ഥാനമില്ലാതിരിക്കെ ഇന്നുമത്എന്തുകൊണ്ട് തുടർന്നുപോകുന്നു"? ഈ ദുരുപദേശങ്ങൾ തുടർന്നുകൊണ്ടുപോയാൽ ജനങ്ങളെ സഭകളിലും മതങ്ങളിലും പിടിച്ചു നിറുത്താൻ എളുപ്പമാണെന്നുള്ളത് ഒരു വശമാണ്. അതിലുപരിയായി ദൈവത്തെക്കുറിച്ച് കളവു പഠിപ്പിക്കുവാൻ എതിരാളിയായ സാത്താൻ ഇഷ്ടപ്പെടുന്നു എന്നതും കൂടെയാണ്.

"ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന എതിരാളി" യായി വെളിപ്പാട് 12:9 സാത്താനെ ചിത്രീകരിക്കുന്നു. ഏതു കാര്യത്തിലാണ് അവൻ മനുഷ്യരെ തെറ്റിച്ചു കളയുന്നത്? അത് ദൈവത്തെയും ദൈവ സ്വഭാവത്തെയും സംബന്ധിച്ചു തന്നെയാണ്. ശരിയാണ്, ദൈവത്തെ സംബന്ധിച്ച് ഈ ഭൂമിയിൽ ശരിയായതും തെറ്റായതുമായ ഉപദേശങ്ങളുണ്ട്. പലരും വിശ്വസിക്കുവാൻ ഇഷ്ടപ്പെടുന്നതുപോലെയുള്ള ഒരു തെരഞ്ഞെടുപ്പല്ല സത്യം എന്നുള്ളത്. തിരുവെഴുത്തിലെ താളുകളിൽ നിന്ന് വെളിപ്പെട്ടു വരുവാനിരിക്കുന്ന യാഥാർത്ഥ്യമാണ് സത്യം. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" എന്നതാണ് യാഥാർത്ഥ്യം (എബ്രാ. 12:29) പാപത്തെയും പാപികളെയും ദൈവം ദഹിപ്പിച്ചു കളയുന്നു. ദുഷ്ടന്മാരെക്കാളും നീതിമാന്മാരായവരാണ് "നീതിയായി നടന്നു നേർപറകയും" "ദഹിപ്പിക്കുന്ന തീയുടെ നടുവിലും നിത്യ ദഹനങ്ങളുടെ അടുക്കലും" പാർക്കുകയും ചെയ്യുന്നത് (യെശ. 33:14,15). അതു ശരിയാണ്! മത്തായി 25:31-46 അനുസരിച്ച് സകല മനുഷ്യരും "കുന്നുകളെ ഉരുക്കിക്കളകയും ഭൂമിയെ വിറപ്പിക്കുകയും ചെയ്യുന്ന" ദൈവത്തെ ഒരു ദിവസം നേരിടേണ്ടി വരും. തങ്ങ

ളുടെ പാപങ്ങളെ ഏറ്റു പറഞ്ഞുപേക്ഷിച്ച് ദൈവ വുമായി നിരപ്പു പ്രാപിച്ചവർ മാത്രം ആർക്കും അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവത്താൽ സംരക്ഷിക്കപ്പെടുന്നു. നേരെ മറിച്ച് ദുഷ്ടന്മാരായവർ നിത്യമായി നശിച്ച് "ജനിക്കാത്ത വരെപ്പോലെ ആകയും ചെയ്യും" (ഓബദ്യാവ് 1:16). ദുഷ്ടത പ്രവർത്തിച്ചവരെല്ലാം "കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്ന് നിത്യനാശമെന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സ.1:9).

പ്രിയ സ്നേഹിതരെ, "ദൈവം സ്നേഹം തന്നെ" (1 യോഹ.4:8). സ്നേഹത്തെ തീയായി ഉപ മിച്ചിരിക്കുന്നു. "സ്നേഹത്തിന്റെ ജ്വലനം അഗ്നി ജ്വലനവും ഒരു ദിവ്യ ജ്വാലയും തന്നെ" (ഉത്തമ. 8:6) കളിമണ്ണിനെ തീ കൂടുതൽ കട്ടിയുള്ളതാ ക്കയും മഞ്ഞുകട്ടയെ ഉരുക്കുകയും ചെയ്യുന്ന തുപോലെ ദൈവസ്നേഹത്തിന്റെ ജ്വാല നീതി മാന്മാരെ സാന്ത്വനപ്പെടുത്തുകയും പാപികളെ കത്തിച്ചെരിക്കുകയും ചെയ്യും. ഇന്നു നിങ്ങൾ എടുക്കുന്നത് ദൈവത്തിനെതിരെ നിങ്ങളുടെ ഹൃദ യത്തെ കഠിനപ്പെടുത്തുന്നതിനോ ദൈവത്തിന്റെ

സ്നേഹജ്വാല നിങ്ങളുടെ ഹൃദയത്തെ ഉരുക്കി മൃദു ലപ്പെടുത്തുന്നതിനോ വേണ്ടിയുള്ള തിരഞ്ഞെടുപ്പ് തന്നെ ആയിരുന്നാലും അതു നിങ്ങളുടെ നിത്യവിധി തന്നെ ആയിരിക്കും. എന്നുമെന്നും ദൈവം സ്ഥിര മായിരിക്കും. ഇന്നുതന്നെ ദൈവത്തെ അന്വേഷിക്കു ക. നിത്യതക്കു വേണ്ടി ദൈവസ്നേഹം നിങ്ങളുടെ ഹൃദയത്തെ ജ്വലിപ്പിക്കും.

## കൂടുതൽ പഠനത്തിന്

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope CHANNEL DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

www.glowonline.org